സ്പോർട്ട്സിൽ പ്രാഗത്ഭ്യമുള്ളവർക്ക്വേണ്ടിയും 3 ശതമാനം ശാരീരിക വൈകല്യമുള്ളവർക്ക് വേണ്ടിയും നീക്കി വച്ചിട്ടുണ്ട്. ശാരീരിക വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുള്ള 3% സീറ്റുകളിൽ 1% അന്ധർക്ക് വേണ്ടി മാത്രമുള്ളതാണ്. 20% സീറ്റുകൾ മറ്റ് പിന്നോക്ക സമുദായങ്ങൾക്കായി നീക്കി വച്ചിട്ടുണ്ട്. (ഇവ ഇപ്രകാരമാണ്.)

ഈഴവ	- 8%
മുസ്ലീം	- 7 ശതമാനം
ലാറ്റിൻ/എസ്.ഐ.യു.സി.	- 1 ശതമാനം
മറ്റ് പിന്നോക്ക ക്രൈസ്തവ സമുദായം	- 1 ശതമാനം
മറ്റ് പിന്നോക്ക ഹിന്ദുക്കൾ	- 3 ശതമാനം

12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കും 8 ശതമാനം സീറ്റുകൾ പട്ടിക വർഗ്ഗക്കാർക്കും മാറ്റി വച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങൾ/പിന്നോക്ക വിഭാഗങ്ങൾ നടത്തുന്ന സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ 40 ശതമാനം സീറ്റുകൾ മാറ്റിവച്ചിട്ടുണ്ട്. ഇതിൽ 5 ശതമാനം സ്പോർട്ട്സിൽ പ്രാഗത്ഭ്യമുള്ളവർക്ക് വേണ്ടിയും 3 ശതമാനം ശാരീരിക വൈകല്യമുള്ളവർക്കുവേണ്ടിയും നീക്കി വച്ചിട്ടുണ്ട്. ഈ സ്കൂളുകളിൽ 40 ശതമാനം സീറ്റുകൾ മാനേജ്മെന്റ് കോട്ടയും 12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കായും 8 ശതമാനം സീറ്റുകൾ പട്ടിക വർഗ്ഗക്കാർക്കായും നീക്കി വച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായങ്ങൾ അല്ലാത്തവർ നടത്തുന്ന സ്കൂളുകളിൽ മെറിറ്റ് വിഭാഗത്തിൽ 50 ശതമാനം സീറ്റുകൾ മാറ്റി വച്ചിട്ടുണ്ട്. ഇതിൽ 5% സീറ്റുകൾ സ്പോർട്സിൽ പ്രാഗത്ഭ്യമുള്ളവർക്കുവേണ്ടിയും 3 ശതമാനം സീറ്റുകൾ ശാരീരിക വൈകല്യമുള്ളവർക്കുവേണ്ടിയും നീക്കി വച്ചിട്ടുണ്ട്. 30 ശതമാനമാണ് മാനേജ്മെന്റ് കോട്ട. 12 ശതമാനം സീറ്റുകൾ പട്ടികജാതി വിഭാഗങ്ങൾക്കായും 8 ശതമാനം സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കായും നീക്കി വച്ചിട്ടുണ്ട്.

ഏറ്റവും കൂടുതൽ പ്ലസ് ടു കോഴ്സ് അനുവദിച്ച നിയോജകമണ്ഡലം

104 (2044) ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ പ്ലസ് ടു കോഴ്സ് അനുവദിച്ചത് ഏത് നിയോജക മണ്ഡലത്തിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവിടെ എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു ;

(സി) ആ നിയോജക മണ്ഡലത്തിൽ എത്ര ഹൈസ്കൂളുകളാണ് പ്രസ്തുത കാലത്തുണ്ടായിരുന്നത് ;

(ഡി) ആ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചതാരായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) നിയോജക മണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല പ്ലസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. അതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഉയർന്ന തസ്തികകളിലെ നിയമനത്തിന്റെ മാനദണ്ഡം

105 (2045) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവരുടെ നിയമനത്തിന് അടിസ്ഥാനമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്ലസ് ടു, വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികകളിൽ നിയമിക്കുന്നത് ആരെയാണ് ;

(സി) ഇത് സംബന്ധമായി രൂപീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കുന്ന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാർക്ക് സീനിയോറിറ്റി അനുസരിച്ചും പ്രൊമോഷൻ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ഹെഡ്മാസ്റ്റർമാർക്ക് ട്രാൻസ്ഫർ വഴിയും 2:1 എന്ന അനുപാതത്തിലാണ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരെ നിയമിക്കുന്നത്. ഹയർ സെക്കന്ററി സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തിക നിലവിലില്ല.

(ബി) പ്ലസ് ടു വിഭാഗത്തിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികയില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly